**IMMEDIATE**

*GREEN PROTOCOL*

**GOVERNMENT OF KERALA**

No: 61623/K2/16/H.Edn.

Higher Education (K) Department,
Thiruvananthapuram, Dated: 07/12/2016

18900/16/IHRD

07 ... 2016
INSTITUTE OF HUMAN RESOURCE ... TRIVANDRUM

From

The Principal Secretary to Government

To

1. The Director of Collegiate Education, Thiruvananthapuram.
2. The Director of Technical Education, Thiruvananthapuram.
3. The Deputy Director General, NCC, Thiruvananthapuram
4. The Registrar, University of Kerala, Thiruvananthapuram/ M.G.University, Kottayam/ Sree Sankaracharya University Sanskrit, Kalady, Ernakulam/Cochin University of Science and Technology, Kochi/Calicut University, Malappuram/Kannur University, Kannur/Malayalam University, Thirur/National University of Advanced Legal Studies, NUALS Campus, H.M.T. Colony P.O., Kalamassery, Ernakulam/A P J Abdul Kalam Technological University, College of Engineering Campus, Thiruvananthapuram
5. The State Liaison Officer, State Level NSS Cell, 6th Floor, Vikas Bhavan, Thiruvananthapuram
6. The Director, Institute of Human Resource Development, Prajoe Towers, Vazhuthacaud, Thiruvananthapuram
7. The Director, Kerala State Science and Technology Museum, Tvpm
8. The Director of LBS Centre, Thiruvananthapuram
9. The Director, Centre for Continuing Education Kerala, Anathara Lane, Charachira, Kowdiar P.O., Thiruvananthapuram - 3
10. The Principal, Government Law College, Thiruvananthapuram/Ernakulam/Thrissur/Kozhikode.

1)

3/12

Sir,

Sub:- Higher Education Department – Implementation of Green Protocol- Instructions issued-- reg.

I am to forward herewith a copy of the Green Protocol approved by the Government and to instruct you to issue directions to all the educational institutions, including Self Financing institutions, coming under your administrative control for strict compliance. Action Taken report on the same shall be furnished to Government at the earliest.

Yours faithfully,
**M.G. RANJITH KUMAR**
for Joint Secretary to Government

Approved for issue

Section Officer.

1/3

സ്വന്തേരം

# ഹരിത നിയമാവലി

## (ഗ്രീൻ പ്രോട്ടോകോൾ)

### വിദ്യാർത്ഥികൾക്കുള്ള സന്ദേശം

ഭൂമിയിലെ പരിമിതമായ വിഭവങ്ങളുടെ കാര്യക്ഷമവും, ശാസ്ത്രീയമായ ഉപഭോഗവും ഉറപ്പാക്കുന്നതോടൊപ്പം, മനുഷ്യന് ഇന്ന് വലിയൊരു ബാധ്യതയായി മാറിക്കൊണ്ടിരിക്കുന്ന മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനു വേണ്ടിയും പാലിക്കപ്പെടേണ്ട പ്രവർത്തന രീതിയാണ് ഗ്രീൻ പ്രോട്ടോകോൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മാലിന്യ പരിപാലനത്തിലെ ഏറ്റവും അടിസ്ഥാന തത്വം കൂടിയാണ് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക എന്നത്. വഴിയരികിലും ഓടകളിലും പൊതുസ്ഥലങ്ങളിലുമൊക്കെ കുമിഞ്ഞു കൂടുന്ന മാലിന്യങ്ങളിൽ വലിയൊരളവ് നാം ഒരല്പം മനസ്സുവെച്ചാൽ ഒഴിവാക്കാൻ സാധിക്കുന്നവയാണ്. ഇതിനുള്ള ക്രിയാത്മക പോംവഴി കൂടിയാണ് ഗ്രീൻ പ്രോട്ടോകോൾ. കത്തിച്ചു കളയുന്നതും കുമിഞ്ഞുകൂടുന്നതുമായ മാലിന്യങ്ങളിലെ പുനരുപയോഗ-പുന:ചംക്രമണ സാധ്യമായ പാഴ്വസ്തുക്കളെ ഉറവിടത്തിൽ തന്നെ വേർതിരിച്ച് കൈകാര്യം ചെയ്യുന്നതും ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമാണ്.

1. ആവശ്യത്തിനു മാത്രം ആഹാര സാധനങ്ങൾ കൊണ്ടു വരിക. ഒരു വസ്തുവും പാഴാക്കി കളയാതിരിക്കുക
2. ആഹാരം, കുടിവെള്ളം എന്നിവ കൊണ്ടുവരുന്നതിന് സ്റ്റൈൻലെസ് സ്റ്റീൽ പാത്രങ്ങൾ ശീലമാക്കുക, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാധനങ്ങൾ കർശനമായി ഒഴിവാക്കുക.
3. മാലിന്യത്തെ ജൈവം/അജൈവം/അപകടകരം എന്നിങ്ങനെ മൂന്നായി തരംതിരിച്ച് നിക്ഷേപിക്കുന്നതിന് അതാത് സ്കൂൾ/കോളേജ്/സർവ്വകലാശാലാക്യാമ്പസുകളിൽ സംവിധാനം ഒരുക്കുക, ജീവനക്കാരെയും ആയതിനു സജ്ജമാക്കുക.
4. ജൈവമാലിന്യം കമ്പോസ്റ്റാക്കുന്നതിനു വേണ്ടി കമ്പോസ്റ്റ് സംവിധാനം സ്കൂൾ/കോളേജ്/സർവ്വകലാശാലാക്യാമ്പസുകളിൽ സ്ഥാപിക്കാവുന്നതാണ്. കമ്പോസ്റ്റ് ഉപയോഗിച്ച് ഗ്രോബാഗ്/ചെടിച്ചട്ടി ജൈവപച്ചക്കറി കൃഷിയും നടത്താവുന്നതാണ്.
5. പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് പാഴ്വസ്തു വ്യാപാരികളെ ഏല്പിക്കാവുന്നതാണ്.
6. വെയ്സ്റ്റ് പേപ്പറുകൾ (ചുരുട്ടിക്കളയാതെ) ഓരോ ക്ലാസിലും വൃത്തിയായി സൂക്ഷിച്ച് അവ ഓരോ മാസവും സ്കൂൾ/കോളേജ്/സർവ്വകലാശാലാ-

ക്യാമ്പസുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുസംഭരണ കേന്ദ്രത്തിൽ (എം.ആർ.എഫ്) എത്തിക്കുക.

7. ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി മഷി പേനകൾ ശീലമാക്കാം.
8. സ്കൂൾ/കോളേജ്/സർവ്വകലാശാലാക്യാമ്പസുകളിൽ നടക്കുന്ന പൊതു-പരിപാടികൾ, സ്റ്റാഫ് മീറ്റിംഗുകൾ തുടങ്ങി ഭക്ഷണം വിതരണം ചെയ്യുന്ന എല്ലാ സത്ക്കാരങ്ങളിലുമടക്കം പേപ്പർ കപ്പുകൾ, പേപ്പർ പ്ലേറ്റുകൾ, വെള്ളം കുപ്പികൾ, പ്ലാസ്റ്റിക് കവറുകൾ എന്നിവയും ഫ്ലാസ്കുകളും കർശനമായി ഒഴിവാക്കുക. ഭക്ഷണവും വെള്ളവും വീണ്ടും കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളിൽ വിളമ്പുക.
9. അപകടകരമായ മാലിന്യത്തിന്റെ ഇനത്തിൽ വരുന്ന ഇലക്ട്രിക്കൽ/-ഇലക്ട്രോണിക്സ് വേസ്റ്റുകൾ വൃത്തിയായി സൂക്ഷിച്ച് വർഷാന്ത്യം അവ പുന:ചംക്രമണത്തിനായി ബന്ധപ്പെട്ട വ്യാപാരികളെ കണ്ടെത്തി കൈമാറണം.
10. സ്കൂൾ/കോളേജ്/സർവ്വകലാശാലാക്യാമ്പസുകളിലെ പരിപാടികളിൽ വേദികളിൽ പ്ലാസ്റ്റിക് കുപ്പികൾ ഒഴിവാക്കുക, അതിഥികൾക്ക് ഒരു പൂവോ, പുസ്തകമോ മാത്രം നല്കി സ്വീകരിക്കുക. പ്ലാസ്റ്റിക് കവർ ചെയ്ത പൂക്കളും ഫ്ലക്സും പൂർണ്ണമായി ഒഴിവാക്കുക.
11. സ്കൂൾ/കോളേജ്/സർവ്വകലാശാലാക്യാമ്പസുകളിലെ എല്ലാ അദ്ധ്യാപകർക്കും ക്ലാസ് ലീഡർമാർക്കും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ശേഷി വികസന ക്ലാസ് ശുചിത്വമിഷൻ റിസോഴ്സ് പേഴ്സണൽ മുഖേന നല്കുകയും, ഗ്രീൻ പ്രോട്ടോകോൾ മോണിറ്ററിംഗ് ടീമിനെ തെരഞ്ഞെടുത്ത് ഓരോ മാസവും ഗ്രീൻ പ്രോട്ടോകോൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ഇങ്ങനെ നമുക്ക് "എന്റെ കേരളം സുന്ദരകേരളം' എന്ന സമൂഹ-പരിസര സംരക്ഷണ യജ്ഞത്തിൽ പങ്കുചേരാം.

പ്രൊ. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

3/

*Endt No. DA1/18900/16/HRD* *Dated: 07.12.2016*

Copy communicated to all head of institutions for strict compliance and action taken report on the same shall be furnished to the Government at the earliest.

**DIRECTOR**